ഉണ്ടാവണം! 'ഇമ്യൂണോതെറാപ്പി' ക്യാൻസറിന് നിശ്ചിതമായ പ്രതിവിധിയാണെന്നു തെളിയുകയും, അതു് സാധാരണക്കാർക്കുകൂടി ലഭ്യമായിത്തീരുകയുമാണെങ്കിൽ, മനുഷ്യവർഗത്തിനു് അതുമൂലം ഉണ്ടാകാവുന്ന ആശ്വാസം ഇത്രയെന്നു പറയാനാവില്ല.

(2 മാർച്ച്, 1986)

## 101. ഭൂഗർഭജല പ്രവചനം

ഈയിടെ നൂറനാട്ടെ കുഷ്ഠരോഗാസ്പത്രിയിൽ ഞങ്ങൾ പോയിരുന്നു. ആ സ്ഥാപനത്തിലെ ആയിരത്തിയിരുന്നൂറോളം വരുന്ന അന്തേവാസികളുടെ മുഖ്യ പരാതി കുടിവെള്ളം കിട്ടുന്നില്ല എന്നതായിരുന്നു. ലക്ഷക്കണക്കിനു രൂപ ചെലവാക്കി രണ്ടു കുഴൽക്കിണറുകൾ അവിടെ കുഴിച്ചിട്ടുണ്ടു്. ഒന്നിൽ പാറ; മറേറതിൽ അല്പം ചെളിവെള്ളവും. ഉള്ള വെള്ളം വലിച്ചു കയററാൻ ശക്തി അവിടെ സ്ഥാപിച്ച പമ്പുകൾക്കില്ല. വലിച്ചുകയററിയ വെള്ളം അതാതിടത്തെത്തിക്കേണ്ട കുഴലുകൾ ചോർന്നൊലിക്കുന്നു. നമ്മുടെ സർക്കാരിൻെറ പ്രവർത്തനശൈലിയുടെ പ്രത്യക്ഷോദാഹരണമായി തോന്നി നൂറനാട്ടെ ജലവിതരണവ്യവസ്ഥ.

കുഴൽക്കിണർ കുഴിക്കുംമുമ്പു്, മണ്ണിനടിയിൽ വെള്ളമുണ്ടോ എന്നറിയാൻ ഒരു സങ്കേതവിദ്യയും ആധുനിക എൻജിനിയറിങ്ങ് വിജ്ഞാനം ആവിഷ്കരിച്ചിട്ടില്ലേ?

നടക്കുന്ന നിലത്തിനടിയിൽ, ഇത്രവാര താഴെ, വെള്ളമുണ്ടെന്നു പറയാൻ തങ്ങൾക്കു കഴിയുമെന്നു് അവകാശപ്പെടുന്ന ചിലർ ഉണ്ടു്. പ്രശസ്ത നോവലിസ്റ്റ് ആയിരുന്ന ശ്രീ ഇ. എം. കോവൂരിനു് ഈ സിദ്ധി ഉള്ളതായി അദ്ദേഹം അവകാശപ്പെട്ടിരുന്നു. ഈ കഴിവു് അദ്ദേഹം പ്രകടിപ്പിക്കുന്നതു ഞാൻ കണ്ടിട്ടില്ല. സംഭാഷണവിദഗ്ധനായ കോവൂർ ധാരാളം ബഡായിയും പറയുമായിരുന്നു. എന്നാലും തൻെറ ഭൂഗർഭജലപ്രവചനക്കഴിവിൽ അദ്ദേഹത്തിനു് ഉത്തമബോദ്ധ്യമുണ്ടായിരുന്നു എന്നാണു് എൻെറ വിശ്വാസം. ഏതെങ്കിലും പാലുള്ള മരത്തിൽനിന്നു് ഒടിച്ചെടുത്തതും, ഒരു പെൻസിലിൻെറയത്രമാത്രം വണ്ണമുള്ളതുമായ ഒരു കവരച്ചില്ലയായിരുന്നു ഈ പ്രവചനത്തിനുള്ള അദ്ദേഹത്തിൻെറ ഉപകരണം. ചില്ലയുടെ ഇലകൾ ആദ്യമേ കളയും. രണ്ടു കവരങ്ങൾക്കും, അവയുടെ തണ്ടിനും ഏതാണ്ടു് ഓരോ അടി നീളമുണ്ടാവും. കവരങ്ങൾ ഓരോ കൈയിലും പിടിച്ചു്, ശ്രീ കോവൂർ പതുക്കെ അങ്ങിങ്ങു നടക്കും. അടിയിൽ വെള്ളമുള്ള സ്ഥലത്തെത്തുമ്പോൾ, അദ്ദേഹത്തിൻെറ കൈയിൽ നേരെ മുമ്പിലേക്കു ചൂണ്ടി സ്ഥിതിചെയ്യുന്ന കവരത്തിൻെറ തണ്ടു് തനിയെ വളഞ്ഞു്, അതിൻെറ അററം ശരീരത്തിനു നേരെയായിത്തീരും. ഭൂഗർഭത്തിലെ ജലപ്രവാഹം സൃഷ്ടിക്കുന്ന ചില അദൃശ്യശക്തികൾ തൻെറ ശരീരത്തിലൂടെ കടന്നു് മരച്ചില്ലയെ വളയ്ക്കുകയാണെന്നാണു് ഇതിനു് ശ്രീ കോവൂർ നല്കിയിരുന്ന വിശദീകരണം.

മരച്ചില്ലയ്ക്കു പകരം ചിലർ ഭൂഗർഭജലപ്രവചനത്തിനു് ഉപയോഗപ്പെടുത്തുന്നതു്, കനമുള്ള എന്തെങ്കിലും അററത്തു കെട്ടിയിട്ട, ഒന്നോ രണ്ടോ അടി നീളമുള്ള, ഇരുമ്പു ചങ്ങലയാണു്. കൈയിൽ തൂക്കിപ്പിടിച്ച ഈ ചങ്ങല, മണ്ണിന്നടിയിൽ വെള്ളമുള്ള സ്ഥലത്തിനുമീതെ എത്തുമ്പോൾ, തനിയെ ഞെളിയുകയും പിരിയുകയും ഊക്കിൽ ആടുകയും ചെയ്യുന്നു. ഈ പ്രകടനങ്ങളുടെ തീവ്രതയിൽനിന്നാണു്, കുഴിക്കേണ്ട

കിണററിൻെറ ആഴവും, അതിൽ കിട്ടാവുന്ന വെള്ളത്തിൻെറ അളവും പ്രവചിക്കപ്പെടുന്നതു്.

ഈ മാതിരി ഭൂഗർഭജലപ്രവചനം ഒരു ശാസ്ത്രമാണോ? അതോ, വെറും തട്ടിപ്പോ? രണ്ടായാലും, ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും, എല്ലാ രാജ്യങ്ങളിലും, ഇത്തരം ഭൂഗർഭജലപ്രവാചകരുണ്ടെന്നതു് ഒരു വസ്തുതയാണു്. മരച്ചില്ലകൾക്ക പുറമേ ലോഹക്കമ്പികളും ഇവർ ഭൂഗർഭ ജലം പ്രവചിക്കുന്നതിനു് ഉപയോഗിക്കുന്നു. ഇപ്പോഴിപ്പോൾ പുതിയ ഉപകരണങ്ങൾ ഈ ആവശ്യത്തിനായി നിർമിച്ചു വിററുവരുന്ന കമ്പനികളുമുണ്ടു്.

യൂറോപ്പിൽ ഭൂഗർഭജലപ്രവചനക്കാർ ഇപ്പോൾ അറിയപ്പെടുന്നതു് 'റേഡിയോ—ഈസ്തെസിസ്റ്റ്' എന്നും 'ജിയോ—പാത്തോളജിസ്റ്റ്' എന്നുമാണു്. മണ്ണിന്നടിയിൽ, ആഴത്തിൽ കിടക്കുന്ന ജലം, പാറ, ലോഹങ്ങൾ, വിള്ളലുകൾ മുതലായവ അദൃശ്യരശ്മികളെ (റേഡിയേഷൻ)ചുററും പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നും, ഇവയെ കണ്ടറിയാനുള്ള കഴിവു് തങ്ങൾക്കുണ്ടെന്നുമുള്ള വാദമാണു് ആദ്യത്തെ പേരിൽ അടങ്ങിയിട്ടുള്ളതു്. ഭൂമിയുടെ സവിശേഷത നിമിത്തം, അതിൽ പാർക്കുന്നവർക്കുണ്ടാകുന്ന രോഗങ്ങളുടെ കാരണങ്ങൾ തങ്ങൾ കണ്ടറിയുന്നതായി രണ്ടാമത്തെ പേരു സൂചിപ്പിക്കുന്നു. രണ്ടു പേരുകളുടെയും പ്രകടസൂചന, തങ്ങൾ ശാസ്ത്രജ്ഞരാണെന്നതാണു്. ഇവരിൽ അധികംപേരും മരച്ചില്ലകൾ ഉപയോഗിക്കാതായിരിക്കുന്നു. ഉരുക്കുകൊണ്ടും നിക്കൽകൊണ്ടും പിച്ചളകൊണ്ടുമുള്ള വടികളും, കമ്പിച്ചുരുളുകളും ചില്ലു്—ക്രിസ്റ്റൽ പെൻഡുലങ്ങളും മററുമാണു് ഈ ശാസ്ത്രജ്ഞർ കൊണ്ടുനടക്കുന്ന ഉപകരണങ്ങൾ. ജർമനിയിൽ ഇമ്മാതിരി ഉപകരണങ്ങൾക്കു് 21 മുതൽ 120 വരെ മാർക്കു് വിലയുണ്ടത്രേ. (ഒരു മാർക്കു് : അഞ്ചേകാൽ രൂപ.)

ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും നാടായ ജർമനിയിൽ ഭൂഗർഭജലപ്രവാചകർക്കു് ഇപ്പോഴും നല്ല ഡിമാൻഡു് ആണു്. ഇവരുടെ പല സംഘടനകളും നിലവിലുണ്ടു്. ഭൂഗർഭ ശക്തി പ്രവചന വിദ്യയിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങളും അവിടവിടെയുണ്ടു്. ഭൂഗർഭ ശക്തി പ്രവചനം സംബന്ധിച്ചു് ഒട്ടുവളരെ പുസ്തകങ്ങൾ കിട്ടാനുണ്ടു്. ഈ വിഷയം പ്രതിപാദിക്കുന്നതിനു മാത്രമായി നടത്തുന്ന മാസികകളും കുറവല്ല.

ഭൂഗർഭജലം മാത്രമല്ല റേഡിയോ—ഈസ്തെസിസ്റ്റുകൾ പ്രവചിക്കുന്നതു്; ചില സ്ഥലങ്ങളിൽ വീടുവെച്ചു പാർക്കുന്നവർക്കു് സ്ഥിരമായ തലവേദന, മനംപുരട്ടൽ, ഉറക്കമില്ലായ്മ, ക്യാൻസർ മുതലായ രോഗങ്ങളുണ്ടാവുമത്രേ. ഡോക്ടർമാർക്കു് കാരണം കണ്ടുപിടിക്കാൻ ആവാത്ത ഇത്തരം രോഗങ്ങൾ ഉളവാക്കുന്നതു് ഭൂമിക്കടിയിൽനിന്നു പ്രസരിക്കുന്ന അദൃശ്യരശ്മികൾ ആയിക്കൂടെന്നില്ല. ഈ രശ്മികൾ പ്രസരിപ്പിക്കുന്ന മണ്ണിനടിയിലെ ലോഹനിക്ഷേപം, പാറപ്പിളർപ്പു്, ജലപ്രവാഹം മുതലായവയെപ്പററി വിവരം നല്കാൻ തങ്ങൾക്ക കഴിവുണ്ടെന്നു് റേഡിയോ—ഈസ്തെസിസ്റ്റുകൾ (അഥവാ ജിയോ—പാതോളജിസ്റ്റുകൾ) അവകാശപ്പെടുന്നു. മണ്ണിന്നടിയിൽ, ഭൂമിക്കു ചുററിലും ചില ശക്തികൾ പ്രവഹിക്കുന്നുണ്ടെന്നാണു് ഇവരുടെ വിശ്വാസം. വൈദ്യുത—കാന്ത—തരംഗങ്ങളുടെ രൂപത്തിലാണു് ഈ പ്രവാഹങ്ങൾ. മണ്ണിന്നടിയിൽ ഭൂമിയുടെ രണ്ടു വ്യത്യസ്ത അടരുകൾ കൂടിച്ചേരുന്ന സ്ഥലങ്ങളിൽ ഈ തരംഗങ്ങൾക്ക ശക്തികൂടും. ഇത്തരം സ്ഥലങ്ങൾക്ക മുകളിൽ കിടക്കുന്നവർ രോഗബാധിതരാവാൻ സാദ്ധ്യത ഏറെയാണു്. പല മാതിരി ഭൂഗർഭ—വൈദ്യുത—കാന്ത തരംഗങ്ങളെപ്പററി പ്രവചനങ്ങൾ നടന്നിട്ടുണ്ടു്. പക്ഷേ, ഇതി

നൊന്നും ശാസ്ത്രീയമോ, സർവസമ്മതമോ ആയ തെളിവുകൾ ഇന്നോളം ഹാജരാക്കപ്പെട്ടിട്ടില്ല.

പടിഞ്ഞാറേ ജർമനിയിൽ 'ഡോർട്ട്മുണ്ഡ്' എന്ന സ്ഥലത്തു പാർക്കുന്ന, എഴുപത്തിനാലു വയസ്സുള്ള, ഹെർമൺ എവ്റിങ്മൺ എന്ന ആൾ മുപ്പതു വർഷമായി വീടുകൾ പരിശോധിച്ച് ഇത്തരം ഭൂഗർഭരശ്മികളെ (ഭൂഗർഭ വൈദ്യുതകാന്ത തരംഗങ്ങളെ)പ്പററി പ്രവചിച്ചുവരുന്നുണ്ട്. തനിക്കു ഭൂഗർഭരശ്മികളുമായി പ്രതികരിക്കുവാൻ കഴിയുമെന്ന് ഹെർമൺ ആകസ്മികമായി കണ്ടറിഞ്ഞതാണത്രേ. മുപ്പതു വർഷം മുമ്പ് ഡോർട്ട്മുണ്ഡിൽ വലിയൊരു ജലദുർഭിക്ഷം ഉണ്ടായി. തന്റെ മുത്തച്ഛൻ ഒരു മരച്ചില്ലയുടെ സഹായത്താൽ കാലിത്തൊഴുത്തും പന്നിത്തൊഴുത്തും പണിയേണ്ട സ്ഥലം പ്രവചിച്ചിരുന്നതു് ഹെർമൺ ഇക്കാലത്ത് ഓർത്തു. അതേമാതിരി ഭൂഗർഭജലം പ്രവചിക്കാൻ തനിക്കും പററുമോ? ഒരു മരച്ചില്ലയെടുത്ത് കുറെ ചുററിനടന്നപ്പോൾ, ഭൂമിക്കടിയിലെ ഒരു ഉറവ കണ്ടെത്താൻ ഹെർമണിനു കഴിഞ്ഞു. ക്രമേണ ഭൂഗർഭരശ്മി പ്രവചനം അദ്ദേഹത്തിന്റെ മുഖ്യ തൊഴിലായും തീർന്നു. തുടർന്ന് ഏബെർബെക്ക് എന്ന സ്ഥലത്തുള്ള ജിയോ-ബയോളജിക്കൽ സെൻററിൽ ഹെർമൺ മററുള്ളവർക്കു പരിശീലനം നല്കിത്തുടങ്ങി. ജർമനിയിലെ പല യൂണിവേഴ്സിററികളും വ്യാവസായികസ്ഥാപനങ്ങളും അദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉള്ളു പൊള്ളയായ ഒരു ലോഹവടി ഉപയോഗിച്ചാണ് ഹെർമൺ ഭൂഗർഭജലം പ്രവചിക്കുന്നതു്. ഭൂമിക്കടിയിലെ വൈദ്യുത-കാന്തധാരകൾ കണ്ടെത്താൻ അദ്ദേഹം ഒരു പിച്ചളവടി ഉപയോഗിക്കുന്നു. ഭൂഗർഭത്തിലെ പാറപ്പിളർപ്പുകൾ പ്രവചിക്കുന്നതിന് ഒരു ഉരുക്കുവടിയാണു് ഉപകരണം. ഒരു വീടു പരിശോധിക്കാൻ ഹെർമൺ 200 മാർക്ക് പ്രതിഫലം പററുന്നു. ഈ പരിശോധനയ്ക്ക് ഏതാനും മണിക്കൂറുകൾ എടുക്കും. പരിശോധിച്ചശേഷം, കട്ടിലുകൾ എവിടെ, എങ്ങനെ ഇട്ടാൽ സുഖനിദ്ര കിട്ടുമെന്ന് അദ്ദേഹം ഉപദേശിക്കുന്നു. ഇപ്പോൾ പല ജർമൻകാരും പുതിയ ഒരു വീട്ടിൽ പാർപ്പു തുടങ്ങുംമുമ്പ്, ഹെർമൺ എവ്റിങ്മണ്ണിന്റെ സേവനം ആശ്യപ്പെടാറുണ്ട്. പരസ്യപ്പെടുത്താതെ തന്നെ ഹെർമണിന് ധാരാളം കക്ഷികളെ കിട്ടുന്നു. ഡോർട്ട്മുണ്ഡിലെ അഞ്ചു ഡോക്ടർമാർ വളരെക്കാലമായി അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിക്കുന്നവരാണ്. ഒരു സ്ഥലത്ത് ഭൂഗർഭരശ്മി പരിശോധന നടത്തുമ്പോൾ, ഏകാഗ്രത നിമിത്തം, ഹെർമൺ ഏറെക്കുറെ ഒരാവേശം ബാധിച്ചമാതിരി ആയിത്തീരും. ഇതിനാൽ, ആഴ്ചയിൽ ഒരു ഗൃഹപരിശോധനയേ അദ്ദേഹം ഏറെറടുക്കാറുള്ളു.

ഡോക്ടർ ജോസഫ് ഷിൽററ് (Schildt) എന്ന, അറുപത്തിനാലു വയസ്സായ, ഒരു ധനശാസ്ത്രജ്ഞനാണ് മറെറാരു ഭൂഗർഭരശ്മി പ്രവാചകൻ. ഡ്യുസ്സൽദോർഫ് നഗരത്തിനടുത്ത് 'മെയർ ബുഷ്' എന്ന സ്ഥലത്തു പാർക്കുന്ന ഡോ. ഷിൽററിന്റെ ഭാര്യയ്ക്ക് ഒരു വർഷം മുമ്പ് സ്തനാർബുദരോഗം ബാധിച്ചു. വീട്ടിന്റെ അടിയിൽ, ഭൂഗർഭത്തിൽനിന്നു വരുന്ന അദൃശ്യരശ്മികളാവാം രോഗകാരണമെന്ന് ഒരു റേഡിയോ ഇസ്തെസിസ്റ്റ് പറഞ്ഞു. ഇതിനെത്തുടർന്ന്, ഭൂഗർഭരശ്മി പ്രവചനത്തിനുള്ള ഒരു പഠനകോഴ്സിൽ ഡോ. ഷിൽററ് ചേർന്നു. കമ്പികൾ ഉപയോഗിച്ച് അദ്ദേഹം സ്വയം ഭൂഗർഭരശ്മി പരിശോധന നടത്തിത്തുടങ്ങി. ഇപ്പോൾ ഡോ. ഷിൽററിന്റെ വീട് ഒരു ഭൂഗർഭരശ്മി ഗവേഷണാലയമാണ്. കമ്പികൾക്കു പുറമേ, ഉരുക്കുകമ്പിയിൽ തൂക്കിയിട്ട ഒരു പെൻഡുലവും അദ്ദേഹം തന്റെ പഠനങ്ങളിൽ ഉപയോഗിക്കുന്നു. പലർക്കും അലെർജിയും തലവേദനയും ക്യാൻസറും കാണുന്നതിനു കാരണം ഭൂഗർഭരശ്മികളാണെന്ന കാര്യത്തിൽ ഡോ. ഷിൽററിന് ഒരു സംശയവുമില്ല. താൻ പാർക്കുന്ന വീട്ടി

ന്നടിയിൽ രശ്മിപ്രസരണം കൂടുതലാണ്. ആ വീട്ടിൽ പാർത്തിരുന്ന നാലു പേർക്ക് വിഷാദരോഗമുണ്ടായതിനും രണ്ടുപേർ ആത്മഹത്യയ്ക്കു ശ്രമിച്ചതിനും കാരണം ഭൂഗർഭരശ്മിപ്രസരണമാണെന്ന് ഡോ. ഷിൽററ് കരുതുന്നു. ഭൂഗർഭരശ്മിപ്രസരണങ്ങളെ അളക്കാനും, ചെമ്പ്, ഈയം മുതലായ ലോഹങ്ങളുടെ തകിടുകൾ ഉപയോഗിച്ച് അവയെ തടയാനും കഴിയുമോ എന്ന പരീക്ഷണത്തിലാണ് അദ്ദേഹം ഏർപ്പെട്ടിരിക്കുന്നതു്.

'ഭൂഗർഭരശ്മികൾ ഇല്ലെന്നു തീർത്തുപറയാനാവില്ല. പക്ഷേ, അവ ഉണ്ടാവാൻ സാദ്ധ്യതയില്ല. അവ ഉണ്ടെന്നു ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. ഭൂഗർഭരശ്മിപ്രവചനം ശുദ്ധ തട്ടിപ്പാണ്.' എന്നു് മ്യൂൾഹൈമിലെ മാക്സ്പ്ലാങ്ക് റേഡിയേഷൻ ഇൻസ്റ്റിററ്യൂട്ടിലെ ഒരു ശാസ്ത്രജ്ഞൻ പ്രസ്താവിച്ചിട്ടുണ്ട്. പൊതുവെ ആധുനികശാസ്ത്രജ്ഞർ ഇതിനോടു യോജിക്കുന്നു. റേഡിയോ ഈസ്തെസിസ്റ്റുകൾക്കിടയിൽത്തന്നെ പല കാര്യങ്ങളിലും ഏകാഭിപ്രായമില്ല.

എൻെറ ഒരു അനുഭവംകൂടി പറഞ്ഞ് ഈ കുറിപ്പ് അവസാനിപ്പിക്കാം. 1968—ൽ ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ ജോലി സ്വീകരിച്ചപ്പോൾ, തിരുവനന്തപുരത്ത് ഒരു വീട് ഉണ്ടാക്കാൻ ഞാൻ ആലോചിച്ചു. മെഡിക്കൽ കോളേജിനടുത്ത് ഒരു പുരയിടം വാങ്ങുകയുംചെയ്തു.

വീടുണ്ടാക്കുംമുമ്പ്, ഈ സ്ഥലം പ്രസിദ്ധ ജ്യോത്സ്യനായിരുന്ന, പരേതനായ, ശ്രീ എൻ. ജി. കർത്താവിനെക്കൊണ്ടു പരിശോധിപ്പിക്കണമെന്ന് ശ്രീമതി സുഗതകുമാരി അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് എന്തോ ആവശ്യത്തിന് എത്തിയിരുന്ന ശ്രീ കർത്താ ഈ പുരയിടത്തിലേക്ക് എൻെറകൂടെ വന്നു. ഏതാനും ഉണങ്ങിയ കമ്പുകളും, വെററിലകളും, അവിടെ ഒരിടത്തു വെക്കാൻ ശ്രീ കർത്താ എന്നോടു പറഞ്ഞു. കമ്പുകളും വെററിലകളും നിലത്തു വീണ സമ്പ്രദായം നോക്കി അദ്ദേഹം, ഈ സ്ഥലത്തു പല ദുഷ്ടശക്തികളുമുണ്ടെന്നും, അവയെ അടക്കാതെ അവിടെ ഒരു വീടുണ്ടാക്കാൻ എനിക്കു കഴിയുകയില്ലെന്നും പ്രവചിച്ചു.

ഏതാനും ദിവസം കഴിഞ്ഞു പ്രശസ്ത ശില്പിയായ മി. ലാറിബേക്കർ ഈ പുരയിടം വന്നുകണ്ടു. സ്ഥലം അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു. ചുരുങ്ങിയ ചെലവിൽ ഒരു വീട് അവിടെ ഉണ്ടാക്കിത്തരാമെന്ന് അദ്ദേഹം എന്നോടു പറഞ്ഞു.

കെട്ടിടം പണിയാൻ അനുവാദത്തിനു ഞാൻ അധികൃതരെ സമീപിച്ചു. മെഡിക്കൽകോളേജിനുവേണ്ടി ആ സ്ഥലം അക്വയർ ചെയ്യാൻ വെച്ചിരിക്കുകയാണെന്നും, അതിനാൽ അവിടെ വീടു പണിയാൻ അനുവാദം തരാൻ നിവൃത്തിയില്ലെന്നും അവർ എന്നെ അറിയിച്ചു.

മെഡിക്കൽകോളേജ് പ്രിൻസിപ്പാളിനെ ഞാൻ ചെന്നു കണ്ടപ്പോൾ ആ സ്ഥലം തങ്ങൾക്കാവശ്യമില്ലെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. നഗരപരിഷ്കരണത്തിന് ആ സ്ഥലം കൂടിയേ കഴിയൂ എന്നായി, അപ്പോൾ അധികൃതരുടെ നിലപാട്.

അങ്ങനെയാണെങ്കിൽ, സ്ഥലം വേഗം സർക്കാരിലേക്കെടുത്ത്, അതിനു നിശ്ചയിച്ച വില എനിക്കു തരണമെന്ന് ഞാൻ ഗവണ്മെൻറിനോട് അപേക്ഷിച്ചു. തിരുവനന്തപുരത്തു മാറിമാറി വന്ന മൂന്നു കളക്ടർമാരേയും, മന്ത്രി ശ്രീ നഹയേയും, പല ഗവണ്മെൻറ് സെക്രട്ടറിമാരേയും പലകുറി ഞാൻ ചെന്നു കണ്ടു. ഇതിനിടെ ഭാഷാ ഇൻസ്റ്റിററ്യൂട്ടിലെ എൻെറ ജോലി അവസാനിച്ചു; തിരുവനന്തപുരത്ത് എനിക്ക് ഒരു താല്പര്യവുമില്ലാതായി.

ഒടുവിൽ, പന്ത്രണ്ടോ, പതിന്നാലോ വർഷങ്ങൾക്കുശേഷം 1984—ൽ

സർക്കാർ ആ സ്ഥലം കൈവശപ്പെടുത്തുകയും അതിന്റെ വില എനിക്കു തരുകയുംചെയ്തു.

ആ സ്ഥലത്തുണ്ടെന്ന് ശ്രീ എൻ. ജി. കർത്താ പ്രവചിച്ച ദുഷ്ട ശക്തി എന്തായിരുന്നു? അദ്ദേഹം ഉദ്ദേശിച്ചതു്, ആ സ്ഥലത്തുവെച്ചു പണ്ടു ദുർമരണമടഞ്ഞ ചില വ്യക്തികളുടെ പ്രേതാത്മാക്കളെയാണ്. എന്നാൽ, അധികൃതരുടെ അനാസ്ഥയുടെ രൂപത്തിലാണു് ആ ദുഷ്ടശക്തി എനിക്കു് അനുഭവപ്പെട്ടതു്. വാസ്തവത്തിൽ ജിയോ—പാതോളജിസ്റ്റുകൾ പറയുന്ന തരത്തിൽ വല്ല ഭൂഗർഭ—രശ്മി പ്രസ്രണങ്ങളും അവിടെയുണ്ടോ?

അവിടെ മാത്രമല്ല; നൂറനാട്ടു് ലെപ്രസി സാനിറ്റോറിയത്തിലും. സാനിറ്റോറിയത്തിൽ സ്ഥിരമായ ജലദുർഭിക്ഷമുണ്ടാക്കുന്ന ദുഷ്ടശക്തി ഏതു്?

(25 മെയ്, 1986)

# 102. തീവണ്ടിയാത്രകൾ

പടിഞ്ഞാറേ ജർമനിയിലെ ദീർഘദൂര തീവണ്ടികളിലെ ടിക്കറ്റ് പരിശോധകർക്കു നൽകുന്ന പരിശീലനത്തെക്കുറിച്ചു വായിച്ചപ്പോൾ, ഇന്ത്യയിലെ തീവണ്ടിയാത്രകളെക്കുറിച്ച് ഓർത്തുപോയി.

നമ്മുടെ തീവണ്ടികളിൽ, പകൽ ഒന്നോ, രണ്ടോ മണിക്കൂർ നീണ്ട ഹ്രസ്വദൂര—യാത്രകൾ മാത്രമേ മുൻകൂട്ടി സീററ് റിസർവ് ചെയ്യാതെ നടത്താൻ കഴിയൂ എന്നതാണല്ലോ ഇന്നത്തെ നില. ദീർഘദൂര യാത്രകളും രാത്രിയിലെ യാത്രകളും മുൻകൂട്ടി സീററ് റിസർവ് ചെയ്യാതെ നടത്താനുള്ള ചങ്കൂറ്റം ഇപ്പോഴും ചിലർക്ക് ഉള്ളതായി അറിയാം. അവരെ ഞാൻ അകലെനിന്നു നമസ്കരിക്കുന്നു. എനിക്ക് ഏതായാലും, ആ ധൈര്യം നഷ്ടപ്പെട്ടിട്ടു വളരെ വർഷങ്ങളായി.

മുൻകൂട്ടി സീററ് റിസർവ് ചെയ്താൽത്തന്നെ യാത്ര സുഖകരമോ സുരക്ഷിതമോ ആയിക്കൊള്ളണമെന്നില്ല. നിങ്ങൾ റിസർവ് ചെയ്ത സീററ് വണ്ടിയിൽ ഉണ്ടോ എന്നു്, ചിലപ്പോൾ അറിയുക, വണ്ടി വന്നതിനു ശേഷമായിരിക്കും. 'സ്ലീപ്പറുകളുള്ള ബോഗികൾ ഈ വണ്ടിയിൽ ഇണക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ, എവിടെയെങ്കിലും കയറിക്കൂടിക്കൊള്ളു' എന്ന നിർദേശം ഉദ്യോഗസ്ഥന്മാരിൽനിന്നു യാത്രക്കാർക്കു ലഭിക്കുന്നതു്, ഇന്ത്യൻ തീവണ്ടികളിൽ അസാധാരണമല്ല.

ചിലപ്പോൾ, റിസർവേഷൻ കമ്പാർട്ട്മെൻറ് വണ്ടിയിലുണ്ടാകും. പക്ഷേ, നിങ്ങൾ കയറുന്ന സ്റ്റേഷനിൽനിന്നു വണ്ടിയിലെ ടിക്കററ് പരിശോധകനു കൊടുത്ത റിസർവേഷൻ ലിസ്റ്റിൽ നിങ്ങളുടെ പേർ വിട്ടുപോയിരിക്കും. അപ്പോൾ, റിസർവേഷൻ കമ്പാർട്ടുമെൻറിൽനിന്നു നിങ്ങളെ ഇറക്കി ജനറൽ കമ്പാർട്ട്മെൻറിൽ അയയ്ക്കാൻ ടിക്കററ് എക്സാമിനറും, റിസർവേഷൻമൂലം നിങ്ങൾക്കു ലഭിച്ച അവകാശം കൈവിടാതിരിക്കാൻ നിങ്ങളും കിണഞ്ഞു ശ്രമിക്കുന്നു. ഒടുവിൽ, ഇച്ഛാശക്തി കൂടുതലുള്ള ആൾ ജയിക്കുന്നു.

സ്റ്റേഷനിൽ വണ്ടി നിൽക്കുന്നതോടെ, ടിക്കററ് എക്സാമിനർ പുറത്തിറങ്ങി പ്ലാററ്ഫോമിൽ എല്ലാവർക്കും കാണാവുന്ന ഒരു സ്ഥലത്തു നിൽക്കുന്നതു് ഒരു സാധാരണ കാഴ്ചയാണ്. റിസർവേഷൻ ഇല്ലാത്ത യാത്രക്കാർ സീററിനോ ബെർത്തിനോ വേണ്ടി തന്നെ വന്നു വളയുന്നതിനുവേണ്ടിയാണ് എക്സാമിനർ ഇതു ചെയ്യുന്നതു്. ഏതാനും നിമിഷങ്ങളി